# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 332 – 03/03/2020 - ലെ മറുപടിക്ക്

### പ്രളയാനന്തര പുനർനിർമ്മാണം

**ചോദ്യം** | **ഉത്തരം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പ്രളയാനന്തര പുനർനിർമ്മാണത്തിനായി ലോകബാങ്കിൽ നിന്നും മറ്റ് വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇതിനകം വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; എന്ത് തുകയാണ് ഇപ്രകാരം ലഭിച്ചതെന്നും, പ്രസ്തുത വായ്പകളുടെ പലിശ നിരക്കും, തിരിച്ചടവ് കാലാവധിയും എത്രയെന്നും വ്യക്തമാക്കാമോ; | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ ) യുടെ വായ്പ എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇതിൽ വികസന നയവായ്പയായുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്.<br>ലോകബാങ്കിൽ നിന്നും ലഭ്യമായ വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ഇനം | ഭാഗം - എ കൺസഷണൽ വായ്പ | ഭാഗം - ബി നോൺ-കൺസഷണൽ വായ്പ |
|---|---|---|
| തുക | 1133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശ നിരക്ക് | 1.25% വാർഷിക പലിശ | LIBOR+ ലോകബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് |
| തിരിച്ചടവ് കാലാവധി | 15/11/2024 മുതൽ 15/05/2049 വരെ 50 അർദ്ധ വാർഷിക തവണകൾ | 15/11/2024 മുതൽ 15/11/2043 വരെ 39 അർദ്ധവാർഷിക തവണകൾ |

| | | |
|---|---|---|
| (ബി) | പ്രസ്തുത വായ്പകൾ ഏതൊക്കെ മേഖലകളിൽ ചെലവഴിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | കേരള പുനർനിർമാണ വികസന പരിപാടിയിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേക്ക് വഴികാട്ടുന്ന മാർഗരേഖയാണ് RKDP(റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം). ഇത്തരത്തിലുള്ള പുനർനിർമാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP യിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായി രൂപപ്പെടുത്തി യിട്ടുള്ളതാണ് കേരള പുനർനിർമാണ വികസന പരിപാടി.<br>റീബിൽഡ് കേരള പദ്ധതിയിൽ സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്. |

(signature)

**സെക്ഷൻ ഓഫീസർ**